


▸ തേക്കിൻകാട് മൈതാനിയിലെ പുഷ്പോത്സവത്തിൽ സെൽഫിയെടുക്കുന്ന പെൺകുട്ടി

Deshabhimani
21.01.18

# പുഷ്പോത്സവം തുടങ്ങി

തൃശൂർ > തേക്കിൻകാട് മൈതാനിയെ നിറവർണത്തിൽ മുക്കി തൃശൂർ പുഷ്പോത്സവത്തിന് തുടക്കമായി. പതിനേഴായിരത്തിൽ അധികം ചെടികളും പുഷ്പങ്ങളുമാണ് നിരന്നിട്ടുള്ളത്. അന്താരാഷ്ട്ര നിലവാരമുള്ള നൂറിൽപ്പരം ഓർക്കിഡുകളും ഔഷധസസ്യങ്ങളും റോസ് ചെടികൾ, മെറിഗോൾഡ്, ബോൺസായ്, ഡാലിയ, ബോഗൻ വില്ലകൾ, കള്ളിച്ചെടികൾ, ഇലച്ചെടികൾ തുടങ്ങിയ വിവിധ ഇനങ്ങളിൽപ്പെട്ട ചെടികളും പുഷ്പങ്ങളും പ്രദർശനത്തിലുണ്ട്.

കേരള കാർഷിക സർവകലാശാല, വെറ്ററിനറി സർവകലാശാല, കാർഷിക ഉൽപ്പന്ന പവിലിയനുകൾ പുഷ്പാലങ്കരം, ഫ്ളവർ ഡെക്കറേഷൻ, വെജിറ്റബിൾ കാർവിങ്, പെറ്റ് ഷോ, പുഷ്പറാണി പുഷ്പരാജൻ മത്സരം, മലയാളി മങ്ക, ചിത്രരചനാമത്സരങ്ങൾ, ഭക്ഷ്യമേള എന്നിവ പുഷ്പോത്സവത്തിന് മാറ്റുകൂട്ടും. തൃശൂർ അഗ്രിഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് പുഷ്പോത്സവം നടക്കുന്നത്. 28 ന് സമാപിക്കും. വി വല്ലഭൻ, സംസ്ഥാന വൈസ് പ്രസിഡന്റ് പി കെ രാജൻ മാസ്റ്റർ, കോൺഗ്രസ് എസ് ജില്ലാ പ്രസിഡന്റ് സി ആർ വത്സൻ, ജനതാദൾ എസ് സംസ്ഥാന സെക്രട്ടറി സുരേഷ് വാര്യർ തുടങ്ങിയവർ പങ്കെടുത്തു.